ഭരണഭാഷ - മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം-3

Phone : 0471 - 2324951
0471 -2325071
Tele FAX : 0471 -2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഇ3-4341/2016/സിഇ/തസ്വഭവ

തീയതി 30/04/2022

# സർക്കുലർ

വിഷയം : തസ്വഭവ - (LID & EW) - സർക്കാർ കത്തിൻമേൽ മറുപടി ലഭ്യമാകുന്നതിലെ കാലതാമസം - സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ ജീവനക്കാർക്കെതിരെ വിവിധ തലങ്ങളിൽ നിന്നുണ്ടാകുന്ന പരാതികളിൻമേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സർക്കാരിൽ നിന്നും ലഭിക്കുന്ന തപാലുകൾ ഈ കാര്യാലയത്തിൽ നിന്നും യഥാകാലം മറുപടി ലഭിക്കുന്നതിനായി കീഴ് ഓഫീസുകളിലേയ്ക്ക് കൈമാറുന്നുണ്ട്. ചില ഫയലുകളിൽ യഥാസമയം റിപ്പോർട്ട് ലഭ്യമാകാത്തതിനാലോ, അല്ലെങ്കിൽ വ്യക്തവും വിശദവുമായ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാലോ ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നു. നിരുത്തരവാദപരമായ സമീപനമാണ് പല ഓഫീസ് തലവൻമാരിലും കണ്ടുവരുന്നത്. ആയതിനാൽ സർക്കാരിലും, മറ്റ് ഓഫീസുകളിലേയ്ക്കും മറുപടി യഥാസമയം സമർപ്പിക്കുവാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു ക്രമക്കേടിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സമയത്ത് അച്ചടക്ക നടപടി സ്വീകരിക്കുവാൻ കഴിയാതെ വരികയും വർഷങ്ങൾ കഴിഞ്ഞ് നിയമലംഘകർക്ക് അനുകൂലമായ കോടതിവിധികൾ വരാൻ ഉതകുന്ന വിധത്തിലുള്ള സാഹചര്യം സംജാതമാകുകയും ചെയ്യുന്നതായി സർക്കാർ നിരീക്ഷണം നടത്തിയിരിക്കുന്നു. ഉദ്യോഗസ്ഥർക്കെതിരെ യഥാസമയത്ത് അച്ചടക്ക നടപടി സ്വീകരിക്കാതെ വർഷങ്ങൾ കഴിഞ്ഞ് റിട്ടയർ ചെയ്തു എന്ന ന്യായം പറഞ്ഞ് കുറ്റവിമുക്തമാക്കേണ്ടുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നു.

ഈ സാഹചര്യം ഒഴിവാക്കുന്നതിന് അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും തപാലിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയക്രമം പാലിക്കേണ്ടതും അതിവശ്രദ്ധ പുലർത്തേണ്ടതുമാണ്. സർക്കാരിന്റെ നിർദ്ദേശാനുസരണം റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം നേരിടുന്നപക്ഷം തുടർ ശിക്ഷണനടപടികൾക്ക് അതാത് ഓഫീസ് തലവൻമാർ ഉത്തരവാദിയായിരിക്കുന്നതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**ജൂനിയർ സൂപ്രണ്ട്**

P 399